മറ്റുള്ള സ്കൂളുകളിൽ ഈ സൗകര്യങ്ങൾ ഏർപ്പെടുത്താനാവശ്യമായ തുക അനുവദിച്ചിട്ടുണ്ട്.

(ജി) ഇങ്ങനെ പ്രത്യേക പദ്ധതി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(എച്ച്) ചോദ്യം ഉദിക്കുന്നില്ല.

(ഐ) 74950 സീറ്റുകൾ.

(ജെ) ഇതു സംബന്ധിച്ച വിവരങ്ങൾ ശേഖരിച്ചു വരുന്നതേയുള്ളൂ.

പാരമ്പര്യ വ്യവസായങ്ങളെ സംരക്ഷിക്കാൻ വിവര സാങ്കേതികവിദ്യ

13 (*103)<u>ശ്രീമതി ജെ.മേഴ്സി കുട്ടി അമ്മ</u> :
<u>ശ്രീ.കെ.പി.സതീശ് ചന്ദ്രൻ</u> :
<u>ശ്രീ.ടി.കെ.ബാലൻ</u> :
<u>ശ്രീ.ജി.സുധാകരൻ</u> :
<u>ശ്രീ.ആനത്തലവട്ടം ആനന്ദൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ പാരമ്പര്യ വ്യവസായങ്ങളായ കൈത്തറി, കയർ മേഖലകളെ സംരക്ഷിക്കാൻ വിവര സാങ്കേതികവിദ്യ പ്രയോജനപ്പെടുത്തുന്നതിനുള്ള സാധ്യതകളെ സംബന്ധിച്ച് സർക്കാർ എന്തെങ്കിലും പഠനം നടത്തിയിട്ടുണ്ടോ;

(ബി) എങ്കിൽ പ്രസ്തുത മേഖലകളിൽ വിവരസാങ്കേതികവിദ്യ എപ്രകാരം പ്രയോജനപ്പെടുത്തുവാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ;

(സി) പാരമ്പര്യ വ്യവസായങ്ങളെ സംരക്ഷിക്കാനായി വിവര സാങ്കേതികവിദ്യ പ്രയോജനപ്പെടുത്തുന്ന പദ്ധതി സംസ്ഥാനത്ത് പ്രാവർത്തികമായിട്ടുണ്ടോ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ;

(ഡി) പാരമ്പര്യ വ്യവസായ മേഖലകളിൽ വിവര സാങ്കേതികവിദ്യ പ്രയോജനപ്പെടുത്തുന്നതിന് ഏതെങ്കിലും ഏജൻസികളുടെ സാങ്കേതിക സഹായം ലഭ്യമാക്കിയിട്ടുണ്ടോ;

(ഇ) എങ്കിൽ ഏതൊക്കെ ഏജൻസികളുടെ സഹായമെന്ന് വെളിപ്പെടുത്തുമോ?

വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി <u>(ശ്രീമതി സുശീലാ ഗോപാലൻ)</u> :

(എ) ഉണ്ട്. കയർ വികസന ഡയറക്ടറേറ്റിന്റെ പ്രവർത്തനങ്ങൾ കമ്പ്യൂട്ടർവൽക്കരിക്കുന്നതിനുള്ള സാദ്ധ്യതയെക്കുറിച്ച് കെൽട്രോണിനെ കൊണ്ട് പഠനം നടത്തിയിട്ടുണ്ട്.

കയർഫെഡിന്റെ പ്രവർത്തനം സമ്പൂർണ്ണമായും കമ്പ്യൂട്ടർവൽക്കരിക്കുന്ന കാര്യം ഗവൺമെന്റിന്റെ പരിശോധനയിലാണ്. കൈത്തറി മേഖലയിൽ കമ്പ്യൂട്ടർവൽക്കരണം, ഉ-ആർ.ആന്റ് സി.ബി.ഐ. തുടങ്ങിയ സ്ഥാപനങ്ങളുടെ/ഏജൻസികളുടെ സഹായത്താൽ നടപ്പാക്കാനുള്ള നടപടികൾ പുരോഗമിച്ചു വരുന്നു.

(ബി) <u>കയർ മേഖല</u>

LIBRARY ARCHIVES Kerala Legislative Assembly

അക്കൗണ്ടിംഗ്, ഡിസൈൻ, മാർക്കറ്റിംഗ് രംഗങ്ങളിൽ വിവര സാങ്കേതികവിദ്യ പ്രയോജനപ്പെടുത്തുവാൻ ഉദ്ദേശിക്കുന്നു.

കൈത്തറി മേഖല

കമ്പ്യൂട്ടറിന്റെ സഹായത്താൽ നിമിഷങ്ങൾക്കുള്ളിൽ സിംഗിൾ ലൂമിൽ പുതിയ ഡിസൈനുകൾ ഉണ്ടാക്കുവാനും, ഇതുമൂലം അധ്വാനഭാരം ലഘൂകരിക്കുവാനും, ഉൽപാദനം രണ്ടുമൂന്നിരട്ടിയായി ഉയർത്തുവാനും സാധിക്കും. അതുപോലെ തന്നെ ശ്രമകരമായ ഡിസൈനുകൾ വളരെ വേഗത്തിൽ തയ്യാറാക്കി വിദേശ മാർക്കറ്റിംഗ് (കയറ്റുമതി) സ്വാധീനിക്കാനും ഇത് മൊത്തത്തിൽ കൈത്തറി മേഖലയിൽ വിപ്ലവകരമായ മാറ്റത്തിനു വഴികൊടുക്കുന്നതുമാണ്. ടി കമ്പ്യൂട്ടറൈസേഷൻ, കൊച്ചിയിലെ മെസേഴ്സ് ഒ.ഇ.എൻ,. പൂനയിലെ ടെക്മെൻ സിസ്റ്റം, ഇ.ആർ.എൻ.ഡി.സി.ഐ തുടങ്ങിയ ഏജൻസികളുടെ സഹായത്താലാണ് നടത്തുന്നത്.

(സി) ചില മേഖലകളിൽ വിവര സാങ്കേതിക വിദ്യ പ്രയോജനപ്പെടുത്തുന്ന പദ്ധതി പ്രാവർത്തികമാക്കിയിട്ടുണ്ട്.

കയർമേഖല സംസ്ഥാനത്തെ കയർ വികസന ഡയറക്ടറേറ്റ്, കയർഫെഡ്, കയർ കോർപ്പറേഷൻ, ഹോം മാറ്റിംഗ്സ് (ഇൻഡ്യാ) ലിമി. എന്നീ സ്ഥാപനങ്ങളിലെ അക്കൗണ്ടിംഗ്, ഡിസൈനിംഗ്, മാർക്കറ്റിംഗ്, അഡ്മിനിസ്ട്രേഷൻ എന്നീ മേഖലകളിൽ ഇത് പ്രാവർത്തികമാക്കി വരുന്നു. കൂടാതെ ബാംബൂ കോർപ്പറേഷനിൽ വിവര സാങ്കേതിക വിദ്യ പ്രയോജനപ്പെടുത്തി വിപുലീകരിക്കുന്നതിനുള്ള നടപടി എടുത്തു വരുന്നു.

കരകൗശല മേഖലയിൽ : സംസ്ഥാന കരകൗശല കോർപ്പറേഷനിൽ സ്വന്തം വെബ്സൈറ്റ് ഇന്റർനെറ്റ്, ഇ-മെയിൽ എന്നീ സൗകര്യങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്.

കൈത്തറി മേഖല : കൈത്തറി മേഖലയിൽ ഹാന്റക്സ് മുഖേന കമ്പ്യൂട്ടറൈസേഷൻ നടപടികൾ പുരോഗമിച്ചു വരുന്നു. ഇന്റർനെറ്റ്, ഇ-മെയിൽ എന്നീ സൗകര്യങ്ങളോടുകൂടിയ വെബ്സൈറ്റ് ഏർപ്പെടുത്തി കയറ്റുമതിയുടെ പുരോഗതിയെ ലാക്കാക്കി നിമിഷങ്ങൾക്കുള്ളിൽ പുതിയതും ശ്രമകരവുമായ ഡിസൈനുകൾ വരുത്താനും, അദ്ധ്വാനഭാരം ലഘൂകരിക്കാനും മൊത്തത്തിൽ കൈത്തറിമേഖലയിൽ വിപ്ലവകരമായ മാറ്റം വരുത്താനുമുള്ള നടപടികൾ പുരോഗമിച്ചു വരുന്നു.

(ഡി,ഇ) ഉണ്ട്. കയർ വികസന ഡയറക്ടറേറ്റിൽ കെൽട്രോണിന്റെയും, കയർഫെഡിൽ ഐ.എച്ച്.ആർ.ഡിയുടെയും സാങ്കേതിക സഹായത്തോടുകൂടി കമ്പ്യൂട്ടർവൽക്കരണം നടപ്പാക്കാൻ ഉദ്ദേശിക്കുന്നു. സംസ്ഥാന ബാംബൂ കോർപ്പറേഷനിൽ കൊച്ചിയിലെ "ടീം ഫ്രണ്ട് ലൈൻ" എന്ന പ്രൈവറ്റ് ഏജൻസിയുടെ സഹായം ലഭ്യമാക്കിയിട്ടുണ്ട്. കരകൗശല വികസന കോർപ്പറേഷനിൽ 'തിങ്കൾ മീഡിയ ലാബിന്റെ' സഹായം ലഭ്യമാക്കി. കൈത്തറി മേഖലയിൽ കമ്പ്യൂട്ടറൈസേഷൻ നടപ്പാക്കുന്നതിനായി കൊച്ചിയിലെ മെസേഴ്സ് ഒ.ഇ.എൻ. പൂനയിലെ ടെക്മെൻ സിസ്റ്റം, ഇ.ആർ.എൻ.ഡി.സി.ഐ തുടങ്ങിയ ഏജൻസികളുടെ സഹായം ലഭ്യമാക്കി ഹാൻടെക്സ് വഴിയാണ് നടപ്പാക്കുന്നത്.

LIBRARY ARCHIVES Kerala Legislative Assembly